**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **07-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ പഞ്ചായത്തിലെ മഞ്ഞനക്കാട് കോളനിയുടെ പ്രളയപുനരുദ്ധാരണ പ്രവൃത്തികൾ, എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിലവിലെ ഡി.എസ്.ആർ. പ്രകാരമുള്ള അഡീഷണൽ കൺവയൻസ് ചാർജ് കൊണ്ട് മാത്രം നടപ്പിലാക്കാൻ കഴിയില്ല എന്ന അവരുടെ റിപ്പോർട്ടിന്റെയും ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത മോണിറ്ററിംഗ് കമ്മിറ്റി യോഗ തീരുമാനം മിനിറ്റ്സിൽ തെറ്റായി രേഖപ്പെടുത്തിയതിനാലും നാളിതുവരെ തുക വിനിയോഗിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കോളനിയിലെ കുടുംബങ്ങളുടെ സ്ഥിതി കണക്കിലെടുത്ത് പ്രളയത്തിൽ തകർന്ന കോളനിയുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | അഡീഷണൽ കൺവേയൻസ് ചാർജില്ലാതെ പദ്ധതി തുടങ്ങാൻ സാധിക്കില്ലായെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചതിനാൽ, ടി. ഏജൻസിയെ മാറ്റി മറ്റേതെങ്കിലും സർക്കാർ അക്രഡിറ്റഡ് ഏജൻസിയെ ചുമതല ഏൽപിക്കുന്നതിനായി ബഹു.എം.എൽ.എ.യുമായി ആലോചിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈപ്പിൻ എം.എൽ.എ നൽകിയ കത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 24/10/2022 തീയതിയിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | മേൽ വിഷയം സംബന്ധിച്ച് 11.10.2022-ന് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിൽ (ഇ-6627190/2022) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | അഡീഷണൽ കൺവേയൻസ് ചാർജില്ലാതെ പദ്ധതി തുടങ്ങാൻ സാധിക്കില്ലായെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചതിനാൽ, ടി. ഏജൻസിയെ മാറ്റി മറ്റേതെങ്കിലും സർക്കാർ അക്രഡിറ്റഡ് ഏജൻസിയെ ചുമതല ഏൽപിക്കുന്നതിനായി ബഹു.എം.എൽ.എ.യുമായി |

| | | | |
|---|---|---|---|
| | | | ആലോചിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈപ്പിൻ എം.എൽ.എ നൽകിയ കത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 24/10/2022 തീയതിയിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ